"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ) - എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിലെ റോഡുകളുടെ പുനർനിർമ്മാണം - Negotiated Purchase മുഖേന ഭൂമി ഏറ്റെടുക്കുന്നത് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈ) നം.232/2025/LSGD തീയതി,തിരുവനന്തപുരം, 31-12-2025

---

പരാമർശം:-

1. ഗോശ്രീ ദ്വീപ് വികസന അതോറിറ്റി സെക്രട്ടറിയുടെ 12/05/2025, 13/05/2025, 07/10/2025, 09/10/2025, 21/11/2025 തീയതികളിലെ GIDA/59/2025, GIDA/127/2022, GIDA/1072/2022, GIDA/1097/2023 നമ്പർ കത്തുകൾ
2. 31/12/2024, 30/06/2025 തീയതികളിലെ REV-B2/183/2023/REV നമ്പർ പരിപത്രങ്ങൾ.

**ഉത്തരവ്**

ഗോശ്രീ ദ്വീപ് വികസന അതോറിറ്റി എറണാകുളം ജില്ലയിൽ കടമക്കുടി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന വലിയ കടമക്കുടി ചാത്തനാട് പാലം ഗതാഗതത്തിനായി തുറന്നു കൊടുക്കുന്നതോടു കൂടി കടമക്കുടി ഗ്രാമ പഞ്ചായത്തിലെ തീരെ വീതി കുറഞ്ഞ റോഡുകളിലൂടെയുള്ള യാത്ര ബുദ്ധിമുട്ടുള്ളതാകുമെന്നും, ആയതിനാൽ ഇപ്രകാരം വീതി കുറഞ്ഞ റോഡുകൾ 9 മീറ്റർ വീതിയിൽ പുതുക്കി നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി Negotiated purchase പ്രകാരം സർക്കാർ ഭരണാനുമതി നൽകണമെന്നും ജിഡ സെക്രട്ടറി പരാമർശം (1) കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു. അതോറിറ്റി തനതു ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പ്രസ്തുത റോഡുകൾ വീതി കൂട്ടുന്നതിന് വശങ്ങളിലുള്ള സ്ഥലം പൊന്നുംവില നടപടിയിലൂടെ ഏറ്റെടുക്കേണ്ടതില്ലെന്നും, Negotiated purchase പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി ജിഡയുടെ 36-മത് ജനറൽ കൗൺസിൽ യോഗ തീരുമാന പ്രകാരം ജിഡ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും അറിയിച്ചിരുന്നു.

2) കണയന്നൂർ താലൂക്കിലെ കടമക്കുടി പഞ്ചായത്ത് പരിധിയിൽ വരുന്ന റോഡുകൾ 9 മീറ്റർ വീതിയിൽ പുതുക്കി നിർമ്മിക്കുന്നതിന് ചുവടെ ചേർക്കും പ്രകാരമുള്ള സ്ഥലമാണ് ഏറ്റെടുക്കാനുള്ളതെന്നും, ഏറ്റെടുക്കേണ്ടി വരുന്ന ഭൂമി ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിലയ്ക്ക് വിട്ട് നൽകാമെന്ന് ഭൂരിഭാഗം ഉടമകളും സമ്മതിച്ചിട്ടുള്ളതാണെന്നും അറിയിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനർ നിർമ്മാണത്തിനായി കണയന്നൂർ താലൂക്ക് കടമക്കുടി വില്ലേജിൽ ഉൾപ്പെടുന്ന ചുവടെ പരാമർശിത സ്ഥലം Negotiated Purchase പ്രകാരം വാങ്ങാൻ അനുമതി നൽകണമെന്ന് ജിഡ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

| ക്രമ നമ്പർ | റോഡിന്റെ പേര് | ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണം |
|---|---|---|
| 1 | പിഴല 550 മീറ്റർ റോഡ് | 27.69 ആർ |
| 2 | ചരിയംതുരുത്ത് ഫെറി - പുതുശ്ശേരി ഡിസൂസ റോഡ് | 30.92 ആർ |
| 3 | കടമക്കുടി സൗത്ത് റോഡ് | 61.84 ആർ |
| 4 | കടമക്കുടി നോർത്ത് റോഡ് (ഒന്നാം ഘട്ടം) | 17.37 ആർ |

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജിഡ 2020 ൽ നിർമ്മിച്ച മൂലമ്പിള്ളി - പിഴല പാലവും, 2025 ൽ നിർമ്മിച്ച വലിയ കടമക്കുടി - ചാത്തനാട് പാലവും വഴിയുള്ള യാത്രക്ക് മേൽ പറഞ്ഞ റോഡുകൾ പുനർ നിർമ്മിക്കേണ്ടത് വളരെ അത്യാവശ്യമാണ് എന്നതും, പുതിയ ജനറൽ കൗൺസിൽ രൂപികരിച്ചതിന് ശേഷം അടുത്ത് ചേരുന്ന ജനറൽ കൗൺസിലിൽ Negotiated Purchase എന്ന് ഉൾപ്പെടുത്തി പ്രസ്തുത തീരുമാനം സർക്കാരിൽ സമർപ്പിച്ചു കൊള്ളാമെന്ന ജിഡ സെക്രട്ടറിയുടെ ഉറപ്പും കണക്കിലെടുത്ത്, പ്രസ്തുത റോഡുകളുടെ പുനർ നിർമ്മാണത്തിനായി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്ക് കടമക്കുടി വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന മേൽ പരാമർശിത ഭൂമിയിൽ, ഇനി ലഭ്യമാക്കാനുള്ള ഭൂമി പരാമർശം (2) പരിപത്രത്തിലെ മാർഗരേഖകൾ പാലിച്ചു കൊണ്ടും, സ്ഥല ഉടമകളുടെ സമ്മതപത്രങ്ങൾ ജില്ലാ കളക്ടർ മുൻപാകെ ഹാജരാക്കേണ്ടതാണെന്ന വ്യവസ്ഥയിലും Negotiated Purchase മുഖേന വാങ്ങുന്നതിന് ജിഡ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) Negotiated Purchase പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ വിജയിക്കാത്ത പക്ഷം LARR നിയമമനുസരിച്ച് ഭൂമി ഏറ്റെടുക്കാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1) സെക്രട്ടറി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3) ജില്ലാ കളക്ടർ എറണാകുളം
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ ) കേരളം, തിരുവനന്തപുരം
5) അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ/ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം
6) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
7) റവന്യൂ (ബി) വകുപ്പ്
8) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
9) വെബ് & ന്യൂമീഡിയ വകുപ്പ്
10) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (IA3/139/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by

Alex G C

Date: 01-01-2026 10:46:31

സെക്ഷൻ ഓഫീസർ